ഗാന്ധിധാം എക്സ്പ്രസിൽ രണ്ട് അധിക കോച്ചുകൾ

തിരുവനന്തപുരം: കൊല്ലം, ആലപ്പുഴ, കോഴിക്കോട് വഴി തിരുനെൽവേലിയിൽ നിന്ന് ഗാന്ധിധാം വരെ പോകുന്ന പ്രതിവാര എക്സ്പ്രസിൽ (09457/09458) അവധിക്കാല തിരക്ക് പരിഗണിച്ച് ജൂൺ 5 മുതൽ 26 വരെ ഒരു സെക്കൻഡ് എ.സിയും ഒരു സ്ലീപ്പർ കോച്ചും അധികമായി കൂട്ടിച്ചേർക്കും.

ട്രാക്കിൽ കല്ല്, ചെന്നൈ മെയിൽ വൈകി

മാവേലിക്കര: ട്രാക്കിൽ വലിയ കരിങ്കല്ല് കണ്ടതിനെ തുടർന്ന ചെന്നൈ മെയിൽ മാവേലിക്കര സ്റ്റേഷനു തെക്കുവശത്ത് പുല്ലംപ്ലാവിനു സമീപം അരമണിക്കൂറോളം പിടിച്ചിട്ടു. ഇന്നലെ വൈകിട്ട് അഞ്ചിന് ട്രെയിൻ കായംകുളം വിട്ട ഉടനെയാണ് സംഭവം. മാവേലിക്കരയ്ക്കും ഈരേഴ ലെവൽക്രോസിനും ഇടയിൽ ട്രാക്കിൽ കരിങ്കല്ല് കണ്ടതായി പരശുറാം എക്സ്പ്രസിലെ യാത്രക്കാരൻ കായംകുളം സ്റ്റേഷൻ മാസ്റ്ററെ അറിയിച്ചിരുന്നു.

ഈരേഴ ലവൽ ക്രോസിനു സമീപത്തു പരിശോധന നടത്തിയെങ്കിലും ഒന്നും കണ്ടെത്തിയില്ല. തിരുവനന്തപുരം–ചെന്നൈ മെയിലിന്റെ എൻജിൻ ഡ്രൈവർക്കു വേഗത കുറച്ചു പോകാൻ നിർദ്ദേശം നൽകി. പുല്ലംപ്ലാവിനു സമീപം ട്രാക്കിൽ കല്ല് ഇരിക്കുന്നതു ദൂരെ നിന്നും കണ്ടതിനാൽ വേഗത കുറച്ചുവന്ന ട്രെയിൻ നിറുത്തി. ട്രാക്ക് വിഭാഗം എൻജിനീയറും സംഘവുമെത്തി കല്ല് മാറ്റിയ ശേഷമാണ് ട്രെയിൻ വിട്ടത്. മാവേലിക്കര സ്റ്റേഷനു വടക്കു വശത്തെ ലവൽക്രോസ് മുക്കാൽ മണിക്കൂറോളം അടഞ്ഞു കിടന്നതിനാൽ ബുദ്ധജംക്ഷൻ–കല്ലുമല റോഡിലൂടെയുള്ള വാഹനഗതാഗതവും തടസപ്പെട്ടു. സംഭവത്തെക്കുറിച്ചു ആർ.പി.എഫ് അന്വേഷണം ആരംഭിച്ചു.

എ.ഐ.ടി.യു.സി പഞ്ചദിന സത്യഗ്രഹം അവസാനിച്ചു

തിരുവനന്തപുരം: മിനിമം വേതനം 18,000 രൂപയായി പ്രഖ്യാപിക്കുക, കരാർ- കാഷ്വൽ- ദിവസവേതന തൊഴിലാളികളെ സ്ഥിരപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് എ.ഐ.ടി.യു.സി സംസ്ഥാന കൗൺസിലിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിവന്ന പഞ്ചദിന സത്യഗ്രഹം അവസാനിച്ചു.

14 ജില്ലകളിൽ നിന്നായി നൂറുകണക്കിന് തൊഴിലാളികൾ അഞ്ച് ദിവസം നീണ്ടുനിന്ന സത്യഗ്രഹ സമരത്തിൽ പങ്കെടുത്തു. ദിവസവും വൈകിട്ട് സത്യഗ്രഹപന്തലിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ജനകീയസദസ് സംഘടിപ്പിച്ചിരുന്നു.

അഞ്ചാം ദിനത്തിലെ സത്യഗ്രഹസമരം എ.ഐ.ടി.യു.സി സംസ്ഥാന വൈസ് പ്രസിഡന്റ് എ.എൻ. രാജൻ ഉദ്ഘാടനം ചെയ്തു. പി. സുബ്രഹ്മണ്യൻ അദ്ധ്യക്ഷത വഹിച്ചു. കെ.പി. രാജേന്ദ്രൻ, കെ.വി. കൃഷ്ണൻ, താവം ബാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

ജനകീയ ആരോഗ്യം എന്ന വിഷയത്തിൽ നടന്ന ജനകീയസദസ് ഡോ.ബി. ഇക്ബാൽ ഉദ്ഘാടനം ചെയ്തു. കെ.വി. കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഡോ.എ. സാജിദ് സംസാരിച്ചു. എ.ഐ.ടി.യു.സി സംസ്ഥാന സെക്രട്ടറി കെ.പി. ശങ്കരദാസ് സമാപനപ്രസംഗം നടത്തി.

പ്രവേശനപ്പരീക്ഷ എഴുതാൻ അവസരം നൽകണം: മനുഷ്യാവകാശ കമ്മിഷൻ

എറണാകുളം: അഴിമതി ചോദ്യം ചെയ്തതിന്റെ പേരിൽ വിദ്യാർത്ഥിക്ക് പ്രവേശനപ്പരീക്ഷ എഴുതാനുള്ള അവസരം നിഷേധിക്കരുതെന്ന് മനുഷ്യാവകാശ കമ്മിഷൻ നിർദ്ദേശിച്ചു.

സംസ്കൃത സർവകലാശാലയിൽ നടക്കുന്ന അഴിമതികൾ ചോദ്യം ചെയ്തതിന്റെ പേരിൽ പ്രവേശനപ്പരീക്ഷ എഴുതാൻ അവസരം നിഷേധിച്ചതായുള്ള പരാതിയുമായെത്തിയ യുവാവിനെ എം.എ (ചരിത്രം) കോഴ്സിന്റെ പ്രവേശനപ്പരീക്ഷയിൽ പങ്കെടുപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ കാലടി സംസ്കൃത സർവകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകി.

2013-16ൽ ബി.എ സംസ്കൃതം വിദ്യാർത്ഥിയായിരുന്ന ആലുവ മാറമ്പള്ളി സ്വദേശി മനോജ് മാധവൻ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

നേരത്തെ എം.എ (തീയേറ്റർ) കോഴ്സിന് പ്രവേശനപരീക്ഷ എഴുതിയെങ്കിലും തനിക്ക് പ്രവേശനം നൽകിയില്ലെന്ന് പരാതിയിൽ പറയുന്നു. കാലടി സംസ്കൃത സർവകലാശാലയിലെ അഴിമതികൾ ചോദ്യം ചെയ്തതിലുള്ള വൈരാഗ്യം നിമിത്തമാണ് ഇതെന്ന് പരാതിയിൽ ചൂണ്ടിക്കാട്ടുന്നു.

എം.എ. കോഴ്സിന്റെ പ്രോസ്പെക്ടസിൽ പറയാത്ത കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാണ് തനിക്ക് എം.എ ക്ക് പ്രവേശനം നിഷേധിച്ചതെന്നും പരാതിക്കാരൻ അറിയിച്ചു.

വരുന്നു, ഏഴായിരം ഏക്കർ കശുമാവ് തോട്ടം

KAUMUDI SPECIAL

◗ പ്രത്യേക ലേഖകൻ

തിരുവനന്തപുരം: തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് സംസ്ഥാനത്ത് ഏഴായിരം ഏക്കർ കശുമാവ് തോട്ടം ഒരുക്കിയെടുക്കും. ഇതിനായി ഏഴായിരം കശുമാവ് തൈകൾ നടും.

കേരളത്തിലെ കശുഅണ്ടി ഫാക്ടറികൾക്ക് ആവശ്യമായ തോട്ടണ്ടിയുടെ വലിയൊരുഭാഗം ഇപ്പോൾ വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. പല കശുഅണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതും തോട്ടണ്ടി ക്ഷാമം മൂലമാണ്.

സംസ്ഥാന കശുഅണ്ടി വികസന ഏജൻസിയും കശുഅണ്ടി വികസന കോർപ്പറേഷനുമാണ് ആവശ്യമായ തൈ നൽകുന്നത്. വന മേഖലയിൽ കൃഷി ആരംഭിക്കുന്നത് സംബന്ധിച്ച് വനം വകുപ്പുമായി ധാരണയിലെത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ ഫാമുകളിലും വ്യാപകമായി കൃഷി ആരംഭിക്കും. പ്ലാന്റേഷൻ കോർപ്പറേഷന്റെ കണ്ണൂരിലെയും കാസർകോട്ടെയും ഫാമുകളിലും ആറളം ഫാമിലും പുതിയ തൈകൾ നടും. പുനലൂരിൽ ഓയിൽ പാമിന്റെ സ്ഥലത്ത് കൃഷി ആരംഭിക്കാൻ ധാരണയായി. കൊല്ലം ജില്ലാ പഞ്ചായത്ത്, വിവിധ ഗ്രാമപഞ്ചായത്തുകൾ, പിറവം, പയ്യന്നൂർ നഗരസഭകൾ എന്നിവയും കശുമാവ് കൃഷിക്ക് സന്നദ്ധത അറിയിച്ചിട്ടുണ്ട്.

സബ്സിഡി നൽകും

- നട്ടുനട്ട് മൂന്നാം വർഷം മുതൽ വിളവ് ലഭിക്കുന്ന തൈകൾ
- സ്വകാര്യ വ്യക്തികൾക്ക് കൃഷി തുടങ്ങാൻ ഹെക്ടർ ഒന്നിന് 12,000 രൂപ വീതം സബ്സിഡി
- ചെറുകിട കർഷകർക്ക് ഒരു തൈ നട്ട് പരിപാലിക്കുന്നതിന് 100 രൂപയും വളം ഉൾപ്പെടെയുള്ള അനുബന്ധ സഹായം
- കശുമാവ് തോട്ടങ്ങളിൽ പഴയ വൃക്ഷങ്ങൾ ഒഴിവാക്കി പുതിയ തൈകൾ വയ്ക്കും
- സ്കൂൾ കുട്ടികൾക്ക് തൈകൾ വിതരണം ചെയ്യും

മെട്രോയെ കുതിച്ചുപായിക്കാൻ ഏഴ് വനിതകൾ

കൊച്ചി: കൊച്ചിയിൽ കുതിച്ചു പായുന്ന മെട്രോയെ നിയന്ത്രിക്കാൻ ഏഴ് വനിതകളും 32 പുരുഷന്മാരും പരിശീലനം പൂർത്തിയാക്കി. സ്റ്റേഷൻ കൺട്രോളർ- ഓപ്പറേറ്റർ തസ്തികയിലാണ് നിയമനം. എൻജിനീയറിംഗ് ഡിപ്ലോമയാണ് യോഗ്യത. ബംഗളൂരുവിലായിരുന്നു മൂന്നു മാസത്തെ പരിശീലനമെന്ന് എസ്.എസ്. ഗോപിക, വി.എസ്. വന്ദന എന്നിവർ പറഞ്ഞു. 400 കിലോമീറ്റർ ഓടിച്ച് കോമ്പിറ്റൻസി സർട്ടിഫിക്കറ്റ് നേടി. മുട്ടത്തെ യാർഡിൽ 40 കിലോമീറ്ററും ഓടിച്ചാണ് അംഗീകാരം നേടിയത്.

ആസ്വദിച്ചാണ് ട്രെയിനുകൾ ഓടിച്ചതെന്ന് ഗോപികയും വന്ദനയും പറഞ്ഞു. എട്ടു മണിക്കൂർ വീതമാണ് ജോലി. എസ്.എസ്. ഗോപിക കൊല്ലം സ്വദേശിനിയാണ്. വി.എസ്. വന്ദന പെരുമ്പാവൂർ സ്വദേശിനിയും. കൊല്ലം സ്വദേശിനികളായ സി. ഹിമ, രമ്യദാസ്, തൃശൂർ സ്വദേശിനി കെ.ജി. നിധി, ചേർത്തല സ്വദേശിനി അഞ്ജു അശോകൻ, തിരുവനന്തപുരം സ്വദേശിനി ജെ.കെ. അഞ്ജു എന്നിവരാണ് മെട്രോയുടെ മറ്റ് വനിതാ സാരഥികൾ.

കൊച്ചി മെട്രോയിലെ വനിത ഡ്രൈവർമാരായ ഗോപിക സന്തോഷും വി.എസ്. വന്ദനയും ആലുവ മുട്ടം സ്റ്റേഷന് മുന്നിൽ

ഫോട്ടോ: എൻ.ആർ.സുധർമ്മദാസ്

ഉപഗ്രഹനേട്ടങ്ങൾ വികസനത്തിന് പ്രയോജനപ്പെടുത്തും: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ഉപഗ്രഹനേട്ടങ്ങൾ പ്രയോജനപ്പെടുത്തുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ. ബഹിരാകാശ നേട്ടങ്ങൾ സുസ്ഥിര വികസനത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ച് ഐ.എസ്.ആർ.ഒയും ഐ.ഐ.എസ്.സിയും ചേർന്ന് നടത്തിയ ദ്വിദിന ദേശീയ ശിൽപശാല 'സാഗ 2017' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെ പഞ്ചായത്തീരാജ്, കുടുംബശ്രീ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് ശാസ്ത്രനേട്ടങ്ങൾ വഴികാട്ടിയാകും. ഇത്തരത്തിലുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുമെന്നും ബഹിരാകാശ നേട്ടങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

മസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ വി.എസ്.എസ്.സി ഡയറക്ടർ ഡോ. കെ. ശിവൻ അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യയിൽ സാങ്കേതിക വികസനമുണ്ടെങ്കിലും അതിന്റെ ഗുണഫലം ഉപയോഗിക്കാനറിയാത്ത സ്ഥിതിയാണ്. കൂടുതൽ ബോധവത്കരണം ഈ മേഖലയിലുണ്ടാകണമെന്ന് ഡോ.ശിവൻ പറഞ്ഞു. ഉപഗ്രഹനേട്ടങ്ങൾ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന 175 പദ്ധതികൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. ഡോ.കെ.പി. രഘുനാഥമേനോൻ ആമുഖപ്രസംഗം നടത്തി. ശ്രീഹരിക്കോട്ട റോക്കറ്റ് വിക്ഷേപണ കേന്ദ്രം ഡയറക്ടർ പി. കുഞ്ഞികൃഷ്ണൻ, ഡോ. ബി. എൻ. സുരേഷ്, മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, ഡോ. വി.എസ്. സെന്തിൽ തുടങ്ങിയവർ സംസാരിച്ചു.

ഐ.എസ്.ആർ.ഒയും ഐ.ഐ. എസ്.സിയും ചേർന്ന് നടത്തിയ സാഗ 2017 ദ്വിദിന ദേശീയ ശില്പശാല മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

സ്കൂൾ തുറക്കുമ്പോൾ ഉച്ചഭക്ഷണം റെഡി

തിരുവനന്തപുരം: സ്കൂൾ തുറക്കുമ്പോൾ തന്നെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. മുൻവർഷങ്ങളിൽ പല സ്കൂളുകളിലും മാസങ്ങൾ കഴിഞ്ഞാലും ഉച്ചഭക്ഷണം കിട്ടാത്ത അവസ്ഥയായിരുന്നു. സ്കൂളുകളുടെ ഉച്ചഭക്ഷണത്തിന് കേന്ദ്രസർക്കാർ നൽകുന്ന അരിയുടെ ആദ്യഘട്ടം അനുവദിച്ചു. എഫ്.സി.ഐ ഡിപ്പോയിൽ നിന്നും ഓരോ ജില്ലയ്ക്കും നൽകുന്ന അരിയുടെ വിവരം വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ചുവരികയാണ്. പാചകം ചെയ്യുന്നതിനടക്കം സ്കൂളുകൾക്ക് ആവശ്യമായ തുക പ്രഥമ അദ്ധ്യാപകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകും. എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് ഉച്ചഭക്ഷണം.

സ്കൂളുകളിൽ ശുദ്ധജലം നൽകുന്നതിന് ശുചിത്വമിഷൻ ഡയറക്ടർക്ക് വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകി. എല്ലാ സ്കൂൾ മാനേജർമാരും പ്രിൻസിപ്പൽമാരും ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തണം.

സ്ഥലംമാറ്റ നിയന്ത്രണം പിൻവലിച്ചു

തിരുവനന്തപുരം: എറണാകുളം മഹാരാജാസ് കോളേജിന് സ്വയംഭരണം നൽകുന്നതിന്റെ മറവിൽ അദ്ധ്യാപക സ്ഥലംമാറ്റത്തിനും പ്രിൻസിപ്പൽ നിയമനത്തിനും യു.ഡി.എഫ് സർക്കാർ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം പിൻവലിച്ചു.

സ്വയംഭരണത്തിനെതിരായ സമരത്തെ നേരിടാനായിരുന്നു നിയന്ത്രണം. കോളേജിൽ തുടരാനും സ്ഥലംമാറ്റം നേടാനും ആഗ്രഹിക്കുന്നവരിൽ നിന്ന് സത്യവാങ്മൂലം വാങ്ങുകയും പ്രത്യേക സ്ഥാനങ്ങൾ വഹിക്കുന്നവർക്ക് മൂന്ന് വർഷ കാലാവധി നിശ്ചയിക്കുകയും ചെയ്തിരുന്നു.

സത്യവാങ്മൂലം നൽകാതിരുന്നവരെ വിദൂര സ്ഥലങ്ങളിലേക്ക് സ്ഥലംമാറ്റി. ഇങ്ങനെ മാറ്റപ്പെട്ടവരെ തിരിച്ചെത്തിച്ചു. ശേഷിക്കുന്നവർക്ക് തിരിച്ചെത്താൻ സർക്കാർ ഉത്തരവ് സഹായകമാവുമെന്ന് എ.കെ.ജി.സി.ടി സംസ്ഥാന പ്രസിഡന്റ് കെ.രാമകൃഷ്ണനും ജനറൽ സെക്രട്ടറി കെ.കെ.ദാമോദരനും അറിയിച്ചു.

സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ അനുമതി

കൊച്ചി: കോടതി മുഖേന അർഹത അവകാശപ്പെട്ട 42 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ഹൈക്കോടതി ഇടക്കാല ഉത്തരവ് നൽകി. സർക്കാറിനു സാമ്പത്തിക ബാദ്ധ്യത വരാതെ പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ പട്ടികയിൽ നിന്ന് നിയമനം നൽകാമെന്നും ഉത്തരവിൽ പറയുന്നു.

അംഗീകാരമുള്ള എയ്ഡഡ് സ്കൂളുകൾക്ക് ഓരോ ക്ലാസുകൾ കൂടുതൽ അനുവദിക്കാനാണ് അനുമതി. സൗകര്യങ്ങളുള്ള സ്കൂളുകൾക്ക് അപ്ഗ്രഡേഷൻ നൽകുന്നത് സംബന്ധിച്ച കോടതിയലക്ഷ്യ കേസിലാണ് ഇടക്കാല ഉത്തരവ്. സ്കൂൾ തുറക്കൽ അടുത്ത സാഹചര്യം കണക്കിലെടുത്താണ് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചതെന്ന് കോടതി പറഞ്ഞു.

വിളംബരം

എസ്.എൻ ലാ കോളേജിൽ എൽ എൽ.ബി പ്രവേശനം

കൊല്ലം: ശ്രീനാരായണഗുരു കോളേജ് ഒഫ് ലീഗൽ സ്റ്റഡീസിൽ 2017-18 അദ്ധ്യയനവർഷത്തെ പഞ്ചവത്സര ബി.എ എൽ എൽ.ബി, ബി.ബി.എ എൽ എൽ.ബി, ബി.കോം എൽ എൽ.ബി കോഴ്സുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത 45 ശതമാനം മാർക്കോടെ പാസായിരിക്കണം. പട്ടികജാതി - വർഗക്കാർക്ക് 40 ശതമാനം മാർക്ക് മതിയാകും. അപേക്ഷാ ഫാറം ഓഫീസിൽ നിന്ന് തിങ്കളാഴ്ച മുതൽ വാങ്ങാം. വില 1000 രൂപ. www.sngcls.com എന്ന സൈറ്റിൽ നിന്ന് അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്യാം. ഇതോടൊപ്പം പ്രിൻസിപ്പൽ ശ്രീനാരായണഗുരു കോളേജ് ഒഫ് ലീഗൽ സ്റ്റഡീസ് എന്ന പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്ന് കൊല്ലത്ത് മാറാവുന്ന 1000 രൂപയുടെ ഡി.ഡി കൂടി സമർപ്പിക്കണം. ഡി.ഡി ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ സ്വീകരിക്കില്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 24. ഫോൺ: 0474 2747770.

സിവിൽ സർവീസ് അക്കാഡമി പ്രവേശന പരീക്ഷാവേദി മാറ്റി

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി, സിവിൽ സർവീസ് പ്രിലിമിനറി പരിശീലന കോഴ്സിലേക്കുള്ള പ്രവേശനത്തിനായി തിരുവനന്തപുരം സെന്ററിൽ 21 ന് നടത്തുന്ന പ്രവേശനപരീക്ഷയുടെ വേദി പൂജപ്പുര എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി ഫോർ വിമെൻ എന്ന സ്ഥാപനത്തിലേക്ക് മാറ്റിയതായി ഡയറക്ടർ അറിയിച്ചു. രാവിലെ 11 മണി മുതലാണ് പരീക്ഷ. പരീക്ഷാർത്ഥികൾ അന്ന് രാവിലെ 10.30 ന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ആനത്തറ ലെയിൻ, ചാരാച്ചിറ, കവടിയാർ പി.ഒ, തിരുവനന്തപുരം - 695 003. ഫോൺ : 0471 - 2313065, 2311654. വെബ്സൈറ്റ്: www.ccek.org.

ഡി.എഡ് പ്രവേശനം : അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ്/ സ്വാശ്രയ മേഖലയിലെ ടി.ടി.ഐ.കളിൽ 2017-2019 അദ്ധ്യയന വർഷത്തെ ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്) കോഴ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷകൾ 31 ന് വൈകിട്ട് അഞ്ചിന് മുമ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് ലഭിക്കണം. വിജ്ഞാപനത്തിന്റെയും അപേക്ഷാ ഫാറത്തിന്റെയും പൂർണവിവരങ്ങൾ www.eduction.kerala.gov.in ലും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകളിലും ലഭിക്കും.

ട്രാഫിക്ക് നിയമലംഘനം : പിഴ അടയ്ക്കാത്തവർക്കെതിരെ നടപടി

തിരുവനന്തപുരം : സ്പീഡ് ഡിറ്റക്ഷൻ കാമറകളിലൂടെ കണ്ടെത്തിയ ട്രാഫിക്ക് നിയമലംഘനത്തിന് പിഴയൊടുക്കാൻ വീഴ്ച വരുത്തിയവർ ജൂൺ 20 നകം പിഴ അടച്ചില്ലെങ്കിൽ കോടതി മുഖാന്തരം നിയമനടപടി സ്വീകരിക്കുമെന്ന് കേരള പൊലീസ് ട്രാഫിക് ആൻഡ് റോഡ് സേഫ്റ്റി വിഭാഗം അറിയിച്ചു. പിഴ www.keralapolice.org ൽ കാമറ ഫൈൻ എന്ന ഓൺലൈൻ മാർഗം വഴിയും www.payment.keralapolice.gov.in എന്ന വെബ്സൈറ്റ് വഴിയും അക്ഷയ കേന്ദ്രങ്ങളും സംസ്ഥാന എല്ലാ ട്രാഫിക് എൻഫോഴ്സ്മെന്റിന്റെ കളക്ഷൻ സെന്റർ വഴിയും അടയ്ക്കാം.

നിഷിൽ ഇ.സി.എസ്.ഇ ഡിപ്ലോമ: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആൻഡ് ഹിയറിംഗിൽ (നിഷ്) ഒരു വർഷത്തെ ഡിപ്ലോമ ഇൻ ഏർളി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഡി.ഇ.സി.എസ്.ഇ) (എച്ച്.ഐ) കോഴ്സിലേക്ക് ബിരുദധാരികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികളുടെ പുനരധിവാസ കേന്ദ്രങ്ങളിൽ പരിശീലനം നല്കുന്നതിനുള്ള അദ്ധ്യാപകരെ വാർത്തെടുക്കുന്നതിനായി റീഹാബിലിറ്റേഷന് കൗൺസിൽ ഒഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നടത്തുന്നതാണ് കോഴ്സ്. താല്പര്യമുള്ളവർ 30നകം www.admissions@nish.ac.in ലൂടെ അപേക്ഷകൾ സമർപ്പിക്കണം. അഡ്മിഷന് ഹെൽപ്ലൈൻ ഫോൺ : 04713066635.

പൈലറ്റ് ലൈസൻസ് പരിശീലനത്തിന് അപേക്ഷിക്കാം

■ പൂരിപ്പിച്ച അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ജൂൺ ഏഴിനകം ലഭിക്കണം



രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി 2017-18 അദ്ധ്യയന വർഷത്തെ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. അൻപത് ശതമാനം മാർക്കോടെ പ്ലസ്ടു/ തത്തുല്യയോഗ്യതയും (വൊക്കേഷണൽ ഹയർസെക്കൻഡറി ഒഴികെ), മാത്സ്, ഫിസിക്സ്, ഇംഗ്ലീഷ് എന്നിവയ്ക്ക് മൊത്തത്തിൽ അൻപത്തിയഞ്ച് ശതമാനം മാർക്കും ഉള്ള പൊതുവിഭാഗക്കാർക്ക് അപേക്ഷിക്കാം. നാൽപ്പത്തിയഞ്ച് ശതമാനം മാർക്കോടെ പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയും (വൊക്കേഷണൽ ഹയർസെക്കൻഡറി ഒഴികെ) മാത്സ്, ഫിസിക്സ്, ഇംഗ്ലീഷ് എന്നിവയ്ക്ക് മൊത്തത്തിൽ അൻപത് ശതമാനം മാർക്കുമാണ് എസ്.സി/ എസ്.ടി വിഭാഗത്തിന് ആവശ്യമുള്ള യോഗ്യത. എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് യോഗ്യതാപരീക്ഷയിൽ ലഭിക്കേണ്ട മാർക്കിൽ അഞ്ച് ശതമാനം ഇളവ് നൽകും. 2017 ജൂണിൽ 17 വയസ് പൂർത്തിയാകണം. അപേക്ഷാഫോറവും പ്രോസ്പെക്ടസും www.rajivgandhiacademyforaviationtechnology.org-ൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0471 - 2501977, 2501914. ഇ-മെയിൽ : keralaaviation@gmail.com.

കിറ്റ്സിൽ കെ- മാറ്റ് സൗജന്യ പരിശീലന ക്ലാസ്

എം.ബി.എ പ്രവേശനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി കിറ്റ്സ് കെ-മാറ്റ് കേരള എൻട്രൻസ് പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ കിറ്റ്സിന്റെ തൈക്കാടുള്ള ക്യാമ്പസിൽ ഇന്ന് രാവിലെ 9.30ന് എത്തണം. ഫോൺ : 9446068080.

കുടുംബശ്രീയിൽ ഡെപ്യൂട്ടേഷൻ : 25 വരെ അപേക്ഷിക്കാം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷനിലേക്ക് (കുടുംബശ്രീ) ഡെപ്യൂട്ടേഷനിൽ വ്യവസ്ഥയിൽ പ്രോഗ്രാം ഓഫീസർ, ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തസ്തികകളിൽ മേയ് 25 വരെ അപേക്ഷിക്കാം.

ചക്ക സംസ്കരണത്തിൽ പരിശീലനം

തിരുവനന്തപുരം: ചക്കസംസ്കരണത്തെപ്പറ്റി വനിതകൾക്ക് 27ന് ശ്രീവരാഹം വനിതാസമിതിയിൽ വച്ച് പരിശീലനം നൽകുന്നു.

കാർഷിക സർവകലാശാലയിൽ നിന്ന് വിരമിച്ച വനിതാ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിലുള്ള 'ആദിശ'യുടെ ആഭിമുഖ്യത്തിലാണ് പരിശീലനം നൽകുന്നത്.

കൂടുതൽ വിവരങ്ങൾക്ക് 25ന് മുൻപായി 9447587682, 9496249425 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

സർവകലാശാല വാർത്തകൾ

കേരള
www.kerala university.ac.in

റഷ്യൻ ഡിപ്ലോമ : അപേക്ഷ ക്ഷണിച്ചു

സർവകലാശാല റഷ്യൻ പഠനവകുപ്പ് നടത്തുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സ് ഇൻ റഷ്യൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ റഷ്യൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത പ്ലസ് ടു/ പ്രീഡിഗ്രി ജയം. രജിസ്ട്രേഷൻ ഫീസ് 100 രൂപ. അപേക്ഷാഫോം റഷ്യൻ പഠന വകുപ്പിൽ നിന്ന് 25 രൂപ അടച്ച പേയിൻ സ്ലിപ്പുമായി വന്ന് കൈപ്പറ്റാം. അപേക്ഷാഫോം പിഴകൂടാതെ 22 (50 രൂപ പിഴയോടെ 29, 250 രൂപ പിഴയോടെ ജൂൺ 6) വരെ സ്വീകരിക്കും. ഫോൺ: 0471-2386321, 9497270802.

ജർമൻ സർട്ടിഫിക്കറ്റ് കോഴ്സ്

സർവകലാശാല ജർമൻ പഠനവകുപ്പ് നടത്തുന്ന ജർമൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ബിരുദം അഥവാ തത്തുല്യ യോഗ്യത. രജിസ്ട്രേഷൻ ഫീസ് 100 രൂപ. അപേക്ഷാഫോം ജർമൻ പഠനവകുപ്പിൽ നിന്ന് 25 രൂപ അടച്ച പേയിൻ സ്ലിപ്പുമായി വന്ന് കൈപ്പറ്റാം. അപേക്ഷാഫോം പിഴകൂടാതെ 22 (50 രൂപ പിഴയോടെ 29, 250 രൂപ പിഴയോടെ കൂടി ജൂൺ 6) വരെ സ്വീകരിക്കും. ഫോൺ: 0471-2386320, 9497270802.

അറബിക് സർട്ടിഫിക്കറ്റ് കോഴ്സ്

സർവകലാശാല അറബി വിഭാഗം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്യൂണിക്കേറ്റീവ് അറബിക് കോഴ്സിന് 22 വരെ അപേക്ഷിക്കാം. യോഗ്യത പ്ലസ്ടു. ഫീസ് 6000 രൂപ. ക്ലാസുകൾ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകുന്നേരം 3.30 മുതൽ 5.30 വരെ. ഫോൺ: 0471-2308846

പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ ഏഴ് വരെ കരട് മാർക്ക്‌ലിസ്റ്റ് ഉപയോഗിച്ച് ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ രണ്ടു വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ ബാച്ചിലർ ഒഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയുടെ (2014 സ്കീം-റഗുലർ) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനുള്ള അവസാന തീയതി ജൂൺ 16.

ബി.എ. മ്യൂസിക് പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.എ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷകൾ തിരുവനന്തപുരം ഗവ. വനിതാ കോളേജിൽ 22, 23, 24, 25 തീയതികളിലും നീറമൺകര എൻ.എസ്.എസ് കോളേജിൽ 22, 23 തീയതികളിലും, കൊല്ലം ശ്രീ നാരായണ വനിതാ കോളേജിൽ 26,27,30,31 തീയതികളിലും രാവിലെ 9.30 മുതൽ നടക്കും.

ടൈംടേബിൾ

30-ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ/ ബി.എസ്‌സി/ ബി.കോം (2010 അഡ്മിഷൻ - മേഴ്സി ചാൻസ്, 2011, 2012 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

പരീക്ഷാകേന്ദ്രങ്ങൾ തിരുവനന്തപുരം - എം.ജി കോളേജ്, കൊല്ലം - ഡി.ബി ശാസ്താംകോട്ട, ആലപ്പുഴ - എസ്.ഡി കോളേജ്, പത്തനംതിട്ട - അടൂർ സെന്റ് സിറിൾസ് എന്നിങ്ങനെ പരിമിതപ്പെടുത്തിയിട്ടുണ്ട്.

എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ (ത്രിവത്സരം), പത്താം സെമസ്റ്റർ (പഞ്ചവത്സരം) (2011-12 അഡ്മിഷന് മുമ്പുള്ളത്)(കോമൺ ഫോർ മേഴ്സി ചാൻസ്) എൽ.എൽ.ബി പരീക്ഷകൾ ജൂൺ രിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കാലിക്കറ്റ്
www. university ofcalicut.info

ബി.ആർക് കോളേജ് മാറ്റത്തിന് അപേക്ഷ ക്ഷണിച്ചു

സർവകലാശാലയ്ക്ക് കീഴിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന എൻജിനിയറിംഗ് കോളേജിൽ നിന്ന് കാലിക്കറ്റിന് കീഴിലെ മറ്റൊരു എൻജിനിയറിംഗ് കോളേജിലേക്കും കേരളത്തിലെ മറ്റ് സർവകലാശാലകൾക്ക് കീഴിലെ എൻജിനിയറിംഗ് കോളേജിൽ നിന്ന് കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലെ ഏതെങ്കിലും എൻജിനിയറിംഗ് കോളേജിലേക്കും 2017-18 അദ്ധ്യയന വർഷത്തിൽ കോളേജ് മാറ്റത്തിന് ബി.ആർക് വിദ്യാർത്ഥികളിൽ നിന്ന് സർവകലാശാല അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ബി.ആർക് ഒന്നും രണ്ടും സെമസ്റ്റർ പൂർത്തിയാക്കി പരീക്ഷ എഴുതിയവരും മൂന്നാം സെമസ്റ്ററിലേക്ക് പ്രമോട്ട് ചെയ്യാൻ അർഹത നേടിയവരുമായിരിക്കണം.

നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷ കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി യോഗ്യതാ പരീക്ഷയുടെ മാർക്ക്‌ലിസ്റ്റിന്റെ അറ്റസ്റ്റഡ് കോപ്പി, ഒന്നും രണ്ടും സെമസ്റ്റർ ഹാൾടിക്കറ്റിന്റെ കോപ്പി, മൂന്നൂറ് രൂപയുടെ ചെലാൻ എന്നിവ സഹിതം രജിസ്ട്രാർക്ക് 30-നകം സമർപ്പിക്കണം. എസ്.സി/എസ്.ടി വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ സമർപ്പിക്കണം. മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ മാത്രം കോളേജ് മാറ്റത്തിന് അപേക്ഷിച്ചാൽ മതി. അത് തെളിയിക്കുന്ന രേഖ അപേക്ഷയോടൊപ്പം അയയ്ക്കണം. പഠിച്ചുകൊണ്ടിരിക്കുന്ന കോളേജിന്റെ പ്രിൻസിപ്പൽ മുഖാന്തരമല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല.

കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലെ എൻജിനിയറിംഗ് കോളേജിൽ നിന്ന് മറ്റ് സർവകലാശാലകളിലെ എൻജിനിയറിംഗ് കോളേജിലേക്ക് മാറ്റത്തിന് അപേക്ഷിക്കുന്നവർ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കരുത്. അവർ ചേരാൻ ആഗ്രഹിക്കുന്ന സർവകലാശാലയുമായി ബന്ധപ്പെടണം. അപേക്ഷാ ഫീ ഇ-ചെലാൻ/ ഇ-പെയ്മെന്റ് വഴി അടയ്ക്കണം.

എം.എ അറബിക് പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ എം.എ അറബിക് (സി.യു.സി.എസ്.എസ്) ഡിസംബർ 2016 പരീക്ഷയുടെ ഭാഗമായ ഐ.ടി പ്രാക്ടിക്കൽ പരീക്ഷ 22 മുതൽ 26 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

ഓൺലൈനിൽ അപേക്ഷിക്കാം

രണ്ട്, നാല് സെമസ്റ്റർ എം.സി.എ (സി.യു.സി.എസ്.എസ്), 2016 സെപ്തംബറിൽ നടത്തിയ ഒന്ന് മുതൽ അഞ്ച് വരെ സെമസ്റ്റർ എം.സി.എ (2009 ഉം അതിന് മുമ്പുള്ള പ്രവേശനം) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 30 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

പുനർമൂല്യനിർണയ ഫലം

ഒന്നാം സെമസ്റ്റർ എൽ എൽ.ബി (ത്രിവത്സരം) യൂണിറ്ററി ഡിഗ്രി ഏപ്രിൽ 2016 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം വെബ്സൈറ്റിൽ. ഉത്തരക്കടലാസ് തിരിച്ചറിയാൻ ആഗ്രഹിക്കുന്നവർ 15 ദിവസത്തിനകം പരീക്ഷാഭവനുമായി ബന്ധപ്പെടുക.

ബിരുദ ഏകജാലകം 20 മുതൽ

ബിരുദ ഏകജാലക പ്രവേശനം 20-ന് രാവിലെ 11 മണിക്ക് ആരംഭിക്കും. നടപടിക്രമങ്ങൾ വിശദമാക്കുന്ന വീഡിയോ യൂട്യൂബിലും അഡ്മിഷൻ വെബ്സൈറ്റിലും അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഹാൻഡ്ബുക്കിന്റെ സോഫ്റ്റ് കോപ്പി വെബ്സൈറ്റിൽ ലഭ്യമാണ്.

എം.ജി
www.mgu.ac.in

പരീക്ഷാഫലം

അഫിലിയേറ്റഡ് കോളേജുകളിലും യൂണിവേഴ്സിറ്റി കോളേജ് ഒഫ് അപ്ലൈഡ് സയൻസസിലും നടത്തിയ നാലാം സെമസ്റ്റർ എം.സി.എ (2014 അഡ്മിഷൻ റഗുലർ-2011 മുതൽ 2013 വരെ അഡ്മിഷൻ സപ്ലിമെന്ററി-ലാറ്ററൽ എൻട്രി-2015 അഡ്മിഷൻ റഗുലർ-2013 ആൻഡ് 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂൺ 1 വരെ സ്വീകരിക്കും.

ഒന്നാം വർഷ ബി.ഫാം സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 31 വരെ സ്വീകരിക്കും.

പി എച്ച്.ഡി കോഴ്സ് വർക്ക്

സ്കൂൾ ഒഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് (സി.എസ്.എസ്) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി.

എം.ഫിൽ പ്രവേശനം

സ്കൂൾ ഒഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ 2016-2017 എം.ഫിൽ ബാച്ച് പ്രവേശനത്തിന് യോഗ്യരായവരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി.

എം.ഫിൽ സീറ്റൊഴിവ്

സർവകലാശാലാ സ്കൂൾ ഒഫ് ബയോസയൻസസിൽ എം.ഫിൽ ബയോസയൻസസ് കോഴ്സിൽ ഒരു എസ്.ടി സംവരണ സീറ്റ് ഒഴിവുണ്ട്. സർട്ടിഫിക്കറ്റുകളുമായി 25ന് ഹാജരാകണം. എസ്.ടി വിഭാഗത്തിന്റെ അഭാവത്തിൽ എസ്. സി വിഭാഗത്തെ പരഗണിക്കും. ഫോൺ : 0481 2731035

ബി.എ/ ബി.കോം

അഞ്ച്, ആറ് സെമസ്റ്റർ ബി.എ/ ബികോം (പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയത്തിൽ പങ്കെടുക്കാൻ ഉത്തരവു ലഭിച്ചിട്ടുള്ള ബികോം ചീഫ് എക്സാമിനർമാരും അഡിഷണൽ എക്സാമിനർമാരും 22ന് രാവിലെ 10ന് സർവകലാശാലാ അസംബ്ലിഹാളിലും ബി.എ ചീഫ് എക്സാമിനർമാരും അഡിഷണൽ എക്സാമിനർമാരും 29ന് രാവിലെ 10ന് പരീക്ഷാഭവൻ അനക്സിലും എത്തി ഉത്തരക്കടലാസ് കൈപ്പറ്റണം.

ബിരുദ ഏകജാലകം

അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ജാതി സംവരണം ഒഴികെയുള്ള സ്പോർട്സ്/ കൾച്ചറൽ/ വികലാംഗ സംവരണ സീറ്റുകളിലേക്ക് പ്രവേശനത്തിനായി അപേക്ഷകർക്ക് 27 വരെ കോളേജുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാം. റാങ്ക് ലിസ്റ്റ് 29ന് കോളേജുകളിൽ പ്രസിദ്ധീകരിക്കും. പ്രവേശനം 30ന് പൂർത്തീകരിക്കണം.

സംവരണ വിഭാഗങ്ങളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജധികൃതർ 30ന് തന്നെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം.

മാനേജ്മെന്റ്/ കമ്മ്യൂണിറ്റി ക്വാട്ടാകളിലേക്കുള്ള പ്രവേശന നടപടികൾ സർവകലാശാല പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂൾ അനുസരിച്ച് മാത്രമേ നടത്താൻ പാടുള്ളൂ.